**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3657** **02-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി യിൽ ഓരോ മാസവും അഞ്ചാം തീയതിക്ക് മുമ്പ് പകുതി ശമ്പളം മാത്രം വിതരണം ചെയ്താൽ മതി എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജീവനക്കാരുടെ അവകാശമായ ശമ്പളം ഇപ്രകാരം തടഞ്ഞുവയ്ക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ഓരോ മാസവും അഞ്ചാം തീയതിക്ക് മുമ്പ് പകുതി ശമ്പളം മാത്രം വിതരണം ചെയ്താൽ മതി എന്ന് സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ വരവിനേക്കാളേറെ ചെലവേറി വന്നതിനാലും, 2023 ജനുവരി മാസത്തെ ശമ്പള വിതരണത്തിനായി സർക്കാരിൽ നിന്നുള്ള വായ്പ ധനസഹായം സാങ്കേതിക കാരണങ്ങളാൽ വൈകിയതും നിമിത്തം 2023 ജനുവരി മാസത്തെ ശമ്പളം 14/02/2023-നാണ് വിതരണം ചെയ്തത്. മാത്രമല്ല കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജീവനക്കാരുടെ ശമ്പള വിതരണം സമയബന്ധിതമായി നൽകണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശവും പുറപ്പെടുവിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ ഒരു ബദൽ മാർഗ്ഗം എന്ന നിലയിലാണ് എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പായി ജീവനക്കാരുടെ ശമ്പളത്തിന്റെ പരമാവധി നൽകാൻ കഴിയുന്ന തുക ആദ്യ ഗഡുവായും, സർക്കാർ സാമ്പത്തിക സഹായം ലഭ്യമായ ശേഷം മിച്ചമുള്ള തുകയും വിതരണം ചെയ്യാനുള്ള നിർദ്ദേശം മാനേജ്മെന്റ് മുന്നോട്ട് വച്ചത്.<br><br>സർക്കാർ സഹായം ലഭ്യമായശേഷം ശമ്പളം ഒരുമിച്ചുമതി എന്ന് ആഗ്രഹിക്കുന്ന ജീവനക്കാർക്ക് വ്യക്തിഗത സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കാനുള്ള അവസരവും നൽകിയിട്ടുണ്ട്. |
| (ബി) | എല്ലാ മാസവും ശമ്പള വിതരണത്തിനായി സർക്കാരിൽ നിന്നും പ്രത്യേക സഹായം ലഭ്യമാക്കുമെന്ന് കെ.എസ്.ആർ.ടി.സി. യ്ക്ക് ഉറപ്പ് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | എല്ലാ മാസവും ശമ്പള വിതരണത്തിനായി സർക്കാരിൽ നിന്ന് പ്രത്യേക സഹായം ലഭ്യമാകുമെന്ന് കെ.എസ്.ആർ.ടി.സി.യ്ക്ക് രേഖാമൂലം ഉറപ്പൊന്നും നൽകിയിട്ടില്ല. എന്നാൽ എല്ലാ വർഷവും കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന ചെലവിനായി ബഡ്ജറ്റിൽ തുക വകയിരുത്തുകയും ടി |

| | | | |
|---|---|---|---|
| | | | തുകയിൽ നിന്നും ശമ്പള വിതരണമുൾപ്പെടെയുള്ള മറ്റ് ചെലവുകൾക്കായി ഒരു നിശ്ചിത തുക വീതം പ്രതിമാസം സർക്കാർ അനുവദിക്കുന്നുമുണ്ട്. ശമ്പളത്തിനായി നിലവിൽ പ്രതിമാസം 50 കോടി രൂപ വീതം സർക്കാർ ധനസഹായമായി അനുവദിക്കുന്നുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി യുടെ പ്രതിസന്ധി മറികടക്കുന്നതിനായി സർക്കാരിൽ നിന്നുള്ള സഹായം ലഭിച്ചില്ലെങ്കിൽ ജീവനക്കാർക്ക് പകുതി ശമ്പളം മാത്രം നൽകിയാൽ മതിയെന്ന് മാനേജ്മെന്റ് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ എല്ലാ മാസവും ശമ്പള വിതരണത്തിനായി വായ്പ ധനസഹായമായി 50 കോടി രൂപ അനുവദിക്കുന്നുണ്ട്. എന്നാൽ 2023 ജനുവരി മാസത്തെ ശമ്പള വിതരണത്തിനുള്ള വായ്പാ ധനസഹായം സാങ്കേതിക കാരണങ്ങളാൽ വൈകുകയുണ്ടായി. തുടർന്ന് ഓവർഡ്രാഫ്റ്റ് വായ്പ, കോർപ്പറേഷന്റെ പക്കൽ മിച്ചമുള്ള തുക എന്നിവ ഉപയോഗിച്ച് അൽപ്പം വൈകിയെങ്കിലും 2023 ജനുവരി മാസത്തെ ശമ്പളം 14/02/2023-ന് വിതരണം ചെയ്യുകയുണ്ടായി. ടി കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജീവനക്കാരുടെ ശമ്പള വിതരണം സമയബന്ധിതമായി നൽകണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശവും പുറപ്പെടുവിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ ഒരു ബദൽ മാർഗ്ഗം എന്ന നിലയിലാണ് അംഗീകൃത സംഘടനകളുടെ യോഗത്തിൽ എല്ലാ മാസവും അഞ്ചാം തീയതിക്ക് മുന്നേ ജീവനക്കാരുടെ ശമ്പളത്തിന്റെ പരമാവധി നൽകാൻ കഴിയുന്ന തുക ആദ്യ ഗഡുവായും, സർക്കാർ സാമ്പത്തിക സഹായം ലഭ്യമായ ശേഷം മിച്ചമുള്ള തുകയും വിതരണം ചെയ്യാനുള്ള നിർദ്ദേശം മാനേജ്മെന്റ് മുന്നോട്ട്വച്ചത്. മാത്രമല്ല മുഴുവൻ ശമ്പളവും ഒറ്റ ഗഡുവായി വേണമെന്ന് താൽപ്പര്യപ്പെടുന്ന ജീവനക്കാർക്ക് സർക്കാർ സഹായം ലഭ്യമായ ശേഷം ഒറ്റത്തവണയായി ശമ്പളം നൽകാനും ടി നിർദ്ദേശത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ